തമ്മിൽ വലിയ അന്തരമൊന്നും കണ്ടിട്ടില്ല. ചില സന്ദർഭങ്ങളിൽ അനുവദിച്ച സമയത്തിന്റെ ഇരട്ടിയോളം സമയം എടുത്ത പ്രതിപക്ഷ അംഗങ്ങൾ ധാരാളം ഉണ്ട്. ഇതിലൊന്നും കക്ഷി പരിഗണന ഞാൻ നോക്കിയിട്ടില്ല, എന്റെ നിയോജക മണ്ഡലത്തിലെ ഒരു മുനിസിപ്പൽ തിരഞ്ഞെടുപ്പിൽ അന്നത്തെ ഭരണമുന്നണിക്കുവേണ്ടി ഞാൻ സ്വാധീനം ചെലുത്തി എന്നതാണ് മറ്റൊരു ആക്ഷേപം. ഇതും അടിസ്ഥാന രഹിതമാണെന്നു പറയുന്നതോടൊപ്പംതന്നെ ഒന്നര വർഷം മുമ്പുനടന്ന തെരഞ്ഞെടുപ്പിൽ ഇടപെട്ടു എന്ന ആക്ഷേപം ഇപ്പോൾ ഉയർത്തിക്കൊണ്ടുവരുന്നത് വളരെ ഖേദകരമാണ്. നമ്മുടെ ജനാധിപത്യ പാരമ്പര്യങ്ങളുടെ അടിസ്ഥാനശില പ്രബലപ്പെടുത്താൻ പരമാവധി ശ്രമിച്ചു എന്ന് ഒരിക്കൽകൂടി വ്യക്തമാക്കിക്കൊള്ളട്ടെ. എല്ലാവർക്കും എന്റെ ഹൃദയംഗമായ നന്ദി.

(മി. സ്പീക്കർ, ഡെ. സ്പീക്കറെ അദ്ധ്യക്ഷവേദിയിലേക്ക് ക്ഷണിക്കുകയും, സ്പീക്കറുടെ രാജിക്കത്ത് ഡപ്യൂട്ടി സ്പീക്കറെ ഏൽപ്പിക്കുകയും ചെയ്തു. അതിനുശേഷം അദ്ദേഹം ഡയസിൽനിന്നിറങ്ങി പ്രതിപക്ഷ ബെഞ്ചിൽ ചെന്നിരുന്നു.)

(ii) മി. ഡപ്യൂട്ടി സ്പീക്കറുടെ പ്രസ്താവന

മി. ഡെ. സ്പീക്കർ : ഓർഡർ, ഓർഡർ ബഹുമാന്യരായ അംഗങ്ങളെ, എനിക്കെതിരായും ഒരു അവിശ്വാസ പ്രമേയത്തിന് നോട്ടീസ് നൽകിയിരിക്കുകയാണ്. നോട്ടീസിലെ പരാമർശങ്ങളും തികച്ചും രാഷ്ട്രീയ പ്രേരിതവും അടിസ്ഥാനരഹിതവുമാണ്. മാറിയ രാഷ്ട്രീയ സാഹചര്യങ്ങളും കക്ഷി ബന്ധങ്ങളുമാണ് ഇതിനു പ്രേരകമായ ഘടകം.

നിയമസഭയുടെ അദ്ധ്യക്ഷ സ്ഥാനത്തിരുന്ന ഒരവസരത്തിലും കക്ഷിരാഷ്ട്രീയത്തിനു വിധേയമായോ പക്ഷപാതപരമായോ ഞാൻ പെരുമാറിയിട്ടില്ല. ഡപ്യൂട്ടി സ്പീക്കർ കക്ഷിരാഷ്ട്രീയത്തിനതീതമായിരിക്കണമെന്ന് നിയമസഭാ ചട്ടങ്ങളോ കീഴ്വഴക്കങ്ങളോ ഒന്നും അനുശാസിക്കുന്നില്ലെങ്കിൽപോലും സഭാനടപടികൾ നിയന്ത്രിക്കുന്ന ഘട്ടങ്ങളിലും സഭയിലും നിയമസഭയുടെ അന്തസ്സ് ഉയർത്തിപിടിക്കാനും വ്യക്തിപരിഗണനയോ കക്ഷിപരിഗണനയോ കൂടാതെ നിഷ്പക്ഷമായും നീതിപൂർവ്വമായും ഡപ്യൂട്ടി സ്പീക്കർ എന്ന നിലയിലുള്ള ചുമതലകൾ നിർവ്വഹിച്ചിട്ടുണ്ടെന്നാണ് എന്റെ പൂർണ്ണമായ വിശ്വാസം. സഭയുടെ എല്ലാഭാഗത്തുനിന്നും അതിനു സഹായകമായ പിന്തുണ ലഭിച്ചിട്ടുണ്ടെന്ന കാര്യം ഞാൻ വിസ്മരിക്കുന്നില്ല. അതിനു ബഹുമാനപ്പെട്ട എല്ലാ അംഗങ്ങളോടും എനിക്ക് നന്ദിയുണ്ട്. ഡപ്യൂട്ടി സ്പീക്കർ എന്ന നിലയിലുള്ള എന്റെ പ്രവർത്തനം ചോദ്യം ചെയ്യപ്പെട്ടിരിക്കുന്ന സാഹചര്യത്തിൽ സഭയുടെ മാന്യതയും ജനാധിപത്യത്തിന്റെ അന്തസത്തയും ഉയർത്തിപിടിക്കാൻ തൽസ്ഥാനം ഞാൻ രാജിവയ്ക്കാൻ നിശ്ചയിച്ചിരിക്കുകയാണ്. ഇന്നുതന്നെ രാജി സമർപ്പിക്കുന്നതുമാണ്.

സ്പീക്കറുടേയും ഡെ. സ്പീക്കറുടേയും ഒഴിവുമൂലം സഭാനടപടികൾക്ക് വിഘ്നം നേരിടാതിരിക്കാൻ മറ്റു ബദൽ ഏർപ്പാടുകൾ ഉണ്ടാക്കുന്നതിനായി സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-നു വീണ്ടും സമ്മേളിക്കുന്നതുമാണ്. എല്ലാ അംഗങ്ങൾക്കും പത്ര പ്രവർത്തകർക്കും മറ്റു സ്റ്റാഫ് അംഗങ്ങൾക്കും ഞാൻ ഒരിക്കൽകൂടി നന്ദി പ്രകാശിപ്പിക്കുന്നു.

1981 ഫെബ്രുവരി 2-ാം തീയതി 8.30-ന് വീണ്ടും കൂടുന്നതിലേക്കായി സഭ 8.38-ന് പിരിഞ്ഞു.

———

LIBRARY ARCHIVES Kerala Legislative Assembly